തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**MLS PCW 2403**

# സാഹിത്യപഠനം

## പാഠപുസ്തകങ്ങളുടെ വിമർശനാത്മകപഠനം

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.**

**(8X5 = 40)**

1. ലെവ് വിഗോട്സ്കിയുടെ ദർശനങ്ങൾ വിദ്യാഭ്യാസരീതികളെ സ്വാധീനിച്ചതെങ്ങനെ?

2. പാവ്ലോ ഫ്രയറിന്റെ ആശയങ്ങളിലെ മാർക്സിയൻ സ്വാധീനത്തെക്കുറിച്ചെഴുതുക.

3. സാംസ്കാരിക അധിനിവേശത്തിന് (Cultural Hegemony) മലയാള ഭാഷാപാഠപുസ്തകങ്ങളിൽ നിന്നും ഉദാഹരണങ്ങൾ കണ്ടെത്തി സമർഥിക്കുക.

4. വീട്ടുഭാഷ /മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച്, എൻ ഇ പി 2020 അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

5. "ശരിയായത് ചെയ്യുക" എന്നതിന്റെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുന്നതിന്, ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് – 2020 നിർദ്ദേശിക്കുന്ന മാർഗങ്ങൾ എന്തെല്ലാം?

6. ഭാവി സമൂഹത്തെക്കുറിച്ച് എന്തെല്ലാം കാഴ്ചപ്പാടുകളായിരുന്നു 2007 ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട് മുന്നോട്ടു വച്ചത്?

7. ചോദക - പ്രതികരണ ബന്ധത്തിലധിഷ്ഠിതമായ വ്യവഹാരവാദത്തിന്റെ പോരായ്മകൾ എന്തെല്ലാമായിരുന്നു ? വിലയിരുത്തുക.

8. നിലവിലുള്ള സെക്കണ്ടറിതല മലയാള ഭാഷാപാഠപുസ്തകങ്ങൾ ലിംഗനീതിയിൽ അധിഷ്ഠിതമാണോ? വിമർശനാത്മകമായി വിലയിരുത്തുക.

9. ദേശീയ വിദ്യാഭ്യാസനയം - 2020 അധ്യാപക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നൽകുന്ന നിർദ്ദേശങ്ങൾ എന്തെല്ലാം?

10. ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യാസ ബിൽ കേരളീയ പൊതുമണ്ഡലത്തിൽ ചെലുത്തിയ സ്വാധീനം എന്തെല്ലാമായിരുന്നു?

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.**

**(3X20=60 )**

11. പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചിത്രങ്ങൾ ഏതെങ്കിലും തരത്തിലുള്ള പൊതുബോധനിർമിതിയ്ക്ക് കാരണമാകുന്നുണ്ടോ ? വിലയിരുത്തുക.

12. മൂല്യവിദ്യാഭ്യാസത്തെ കുറിച്ച് കേരള പാഠ്യപദ്ധതിചട്ടക്കൂട് -2023 വിശാലമായ കാഴ്ചപ്പാട് നൽകുന്നുണ്ട് - വിലയിരുത്തുക.

13. 'ഭരണഘടനാമൂല്യങ്ങളും സെക്കണ്ടറിതല മലയാള ഭാഷാപാഠപുസ്തകങ്ങളും' എന്ന വിഷയത്തെ അധികരിച്ച് ഉപന്യസിക്കുക.

14. വിജ്ഞാനഭാഷ എന്ന നിലയിൽ മലയാളത്തിന്റെ സാധ്യതകളും വെല്ലുവിളികളും പരിശോധിക്കുക.

******